# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 842 11/07/2016 ൽ മറുപടി

**പാഠപുസ്തക അച്ചടിയിലുണ്ടായ ക്രമക്കേടുകളും ഫല പ്രഖ്യാപനത്തിലുണ്ടായ വീഴ്ചകളും**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പി.കെ. ശശി | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലയളവിൽ പാഠപുസ്തക അച്ചടിയിലുണ്ടായ അഴിമതികൾ സംബന്ധിച്ച് ആക്ഷപത്തിന്മേൽ അന്വേഷണം നടത്തുവാൻ നടപടിയെടുക്കുമോ ; | | ഇക്കാര്യം പരിശോധിച്ചുവരുന്നു. |
| (ബി) | പ്രസ്തുത കാലയളവിൽ സ്കൂൾ കുട്ടികൾക്ക് യഥാസമയം പുസ്തകം ലഭിക്കാത്തത് കാരണം പാഠപുസ്തകം ഇല്ലാതെ കുട്ടികൾ വാർഷിക പരീക്ഷ എഴുതേണ്ടിവന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുത്തരവാദികളെ കണ്ടെത്തുവാനും ഇവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കാനും തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ ; | | |
| (സി) | കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലയളവിൽ എസ്.എസ്.എൽ.സി. പരീക്ഷാ നടത്തിപ്പിലും ഫല പ്രഖ്യാപനത്തിലും ഉണ്ടായ വീഴ്ചകളും അട്ടിമറി പ്രവർത്തനങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കുമെന്ന് വിശദമാക്കാമോ; | (സി) | 2015 മാർച്ച് മാസത്തിലെ എസ്.എസ്.എൽ.സി. പരീക്ഷ ഫലം പുനപ്രസിദ്ധീകരിക്കേണ്ടി വന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് മുൻ പരീക്ഷാ സെക്രട്ടറി ശ്രീ. എം.ഐ. സുകുമാരൻ, സിസ്റ്റം മാനേജർ ആയിരുന്ന ശ്രീമതി ജെ.പി.ബെനിത, എസ്.എസ്.എൽ.സി. പരീക്ഷയുമായി ബന്ധപ്പെട്ട 'എ 1' സെക്ഷൻ ക്ലാർക്ക് ശ്രീ. റ്റി. സന്തോഷ് കുമാർ, എ വിഭാഗം സൂപ്രണ്ട് ശ്രീമതി ശ്രീകല ബി., വിവിധ പരീക്ഷാ വാല്യുവേഷൻ സെന്ററുകളിലെ ക്യാമ്പ് ഓഫീസർമാർ, ഡെപ്യൂട്ടി ക്യാമ്പ് ഓഫീസർമാർ, സ്കോർ സൂപ്പർവൈസർ മാർ എന്നിവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിരുന്നു. |

| | | | |
|---|---|---|---|
| | | | പരീക്ഷാഭവനിലെ മുൻ പരീക്ഷാ സെക്രട്ടറി ശ്രീ. എം.ഐ. സുകുമാരൻ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ സർക്കാർ തലത്തിൽ അച്ചടക്ക നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>പരീക്ഷാഭവനിലെ സിസ്റ്റം മാനേജർ ആയിരുന്ന ശ്രീമതി ജെ.പി.ബെനിതയെ ടിയാളുടെ മാതൃസ്ഥാപനമായ ഹയർ സെക്കണ്ടറി വകുപ്പിലേക്ക് തിരിച്ചയച്ചു. ശിക്ഷാ നടപടിയുടെ ഭാഗമായി ടിയാളുടെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെ താൽക്കാലികമായി തടഞ്ഞ് കൊണ്ട് കാരണം കാണിക്കൽ നോട്ടീസ് ടിയാൾക്ക് നൽകി.<br><br>ശ്രീ. റ്റി. സന്തോഷ് കുമാർ, സൂപ്രണ്ട് ശ്രീമതി ശ്രീകല ബി. എന്നിവർക്കെതിരായ ശിക്ഷാ നടപടിയുടെ ഭാഗമായി ഇവരുടെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലപ്രാബല്യത്തോടെ താൽക്കാലികമായി തടഞ്ഞ് കൊണ്ട് ഇവർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകി അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) | കഴിഞ്ഞ സർക്കാർ കാലയളവിൽ സ്കൂൾ ഉച്ചഭക്ഷണ പരിപാടിയിൽ സംഭവിച്ച വീഴ്ചകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കുമെന്ന് വിശദമാക്കുമോ; | വിവരം ശേഖരിച്ചു വരുന്നു | |
| (ഇ) | കഴിഞ്ഞ സർക്കാർ പാഠ്യപദ്ധതി പരിഷ്കരണം ഉപേക്ഷിച്ചത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ വീഴ്ചകൾ പരിശോധിച്ച് ഉത്തരവാദികൾക്കെതിരെ നടപടികൾ സ്വീകരിക്കാനും പാഠ്യപരിഷ്കരണ പദ്ധതി പുനരാവിഷ്കരിക്കാനും നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ